**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1287** **07-02-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ മണിക്കിണർ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പാലനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ മണിക്കിണർപാലം നിർമ്മാണത്തിന് 19.02.2021 ലെ സഉ(സാധാ)നം.253/2021/ പൊമവ പ്രകാരം 928 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സ്ഥലമെടുപ്പ് നടപടികൾക്കായി റവന്യൂ വകുപ്പിൽ നിന്നും ഉത്തരവ് ലഭിച്ചതിനെ തുടർന്ന് ജില്ലാകളക്ടർക്ക് അർത്ഥനാപത്രം സമർപ്പിക്കുകയും സ്ഥലമെടുപ്പ് നടപടികൾ ക്കായി സ്പെഷ്യൽ തഹസീൽദാർ എൻ.എച്ച് No.1 കാക്കനാടിനു ആവശ്യപ്പെട്ട തുക കൈമാറുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ റവന്യൂ വകുപ്പ് മുഖേന പുരോഗമിച്ചു വരുന്നു. സ്ഥലമേറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി, ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | പാലനിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര തുകയുള്ള ഭരണാനുമതിയാണ് ലഭിച്ചതെന്നും തുടർന്ന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അനുമതി ലഭ്യമായതിനുശേഷം ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | (എ) പിരിവിന്റെ അതേ മറുപടി. |
| (ഡി) | സ്ഥലമേറ്റെടുപ്പ് നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (ഡി) | (എ) പിരിവിന്റെ അതേ മറുപടി. |
| (ഇ) | സ്ഥലമേറ്റെടുപ്പ് നടപടികൾ എത്രയും വേഗം പൂർത്തിയാക്കി സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും വേഗത്തിലാക്കി പാലനിർമ്മാണം ത്വരിതഗതിയിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ